# 108-ാമത്
# വിജയദശമി നായർമഹാസമ്മേളനം

നായർ സർവീസ് സൊസൈറ്റിയുടെ ആവിർഭാവത്തിന് പ്രേരകശക്തിയായ വിജയദശമിസമ്മേളനത്തിന്റെ വാർഷികം ചങ്ങനാശ്ശേരി താലൂക്ക് എൻ.എസ്.എസ്. യൂണിയന്റെ ആഭിമുഖ്യത്തിലും നായർ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിലും 106 വർഷങ്ങളിൽ തുടർച്ചയായി നടന്നു. എന്നാൽ കോവിഡ് 19 മഹാമാരിയുടെ വ്യാപനംമൂലം കഴിഞ്ഞവർഷം പ്രസ്തുത ആഘോഷവും സമ്മേളനവും ഒഴിവാക്കേണ്ടതായി വന്നു. കോവിഡുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ ഇപ്പോഴും നിലനില്ക്കുന്നതിനാൽ ഈ വർഷം (2021 ഒക്ടോബർ 15) പതിവനുസരിച്ച് നടക്കേണ്ടതായ ആഘോഷങ്ങളും വിജയദശമിസമ്മേളനവും ഒഴിവാക്കാൻ നാം നിർബന്ധിതരായിരിക്കുന്നു. എങ്കിലും, നിലവിലുള്ള കോവിഡ് നിബന്ധനകളിൽ ചില ഇളവുകൾ പ്രഖ്യാപിച്ച സാഹചര്യത്തിൽ, വിജയദശമിദിനാചരണം ചങ്ങനാശ്ശേരി താലൂക്ക് യൂണിയൻ ഓഡിറ്റോറിയത്തിൽവച്ച് ലളിതമായ രീതിയിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്.

തിന്മയ്ക്കെതിരെ നന്മ വിജയംവരിച്ച സുദിനമാണ് വിജയദശമി. നായർസമുദായം അവഗണിക്കപ്പെട്ടപ്പോൾ അതിൽനിന്നും ഒരു ഉയിർത്തെഴുന്നേല്പിനുള്ള കാഹളം മുഴങ്ങിയതും ഒരു വിജയദശമിനാളിലാണ്. 1913-ലാണ് അങ്ങനെയൊരു സാഹചര്യം ഉണ്ടായത്. 1913 ഒക്ടോബർ 6-ാം തീയതി നടന്ന ശ്രീമൂലം തിരുനാൾ ആഘോഷത്തിൽ വച്ചാണ് നായർസമുദായം അവഗണിക്കപ്പെട്ടത്. അപമാനം സഹിക്കവയ്യാതെ മന്നത്തുപത്മനാഭൻ ആ യോഗത്തിൽ നിന്നും ഇറങ്ങിപ്പോന്നു. അവിടെ കൂടിയിരുന്ന നായന്മാർ ഒന്നൊഴിയാതെ അദ്ദേഹത്തെ പിൻതുടർന്നു. അന്നു രാത്രിയിൽതന്നെ അവർ പെരുന്ന കരയോഗമന്ദിരത്തിൽ എത്തി യോഗം ചേരുകയും തൊട്ടടുത്ത വിജയദശമി ദിനത്തിൽ പ്രത്യേകമായി തിരുനാളാഘോഷം നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. ആ കൊല്ലത്തെ വിജയദശമിദിനത്തിൽ (9.10.1913) ശ്രീമൂലംതിരുനാൾ ആഘോഷം കരയോഗമന്ദിരത്തിൽവച്ച് ഐശ്വര്യപൂർണ്ണമായി നടത്തി.

ആ യോഗത്തിൽവച്ചാണ് ചങ്ങനാശ്ശേരി താലൂക്ക് നായർസമാജം എന്ന സംഘടന രൂപംകൊണ്ടത്. അതിന്റെ വാർഷികമായിട്ടാണ് വിജയദശമി നായർമഹാസമ്മേളനം തുടർന്ന് എല്ലാ വർഷവും നാം കൊണ്ടാടിവരുന്നത്. വിജയദശമിനാളിലെ ആ സമ്മേളനമാണ് നായർ സർവീസ് സൊസൈറ്റി എന്ന മഹത്തായ പ്രസ്ഥാനം രൂപംകൊള്ളാൻ പ്രേരകമായതും.

അതിന്റെ തുടർനടപടി എന്ന നിലയിലാണ് 1914 ഒക്ടോബർ 31-ന് മന്നത്തുപത്മനാഭനും സഹപ്രവർത്തകരായ 13 പേരും ചേർന്ന് നായർസമുദായ ഭൃത്യജനസംഘത്തിന് രൂപം നല്കിയത്. അങ്ങനെ രൂപീകരിച്ച നായർസമുദായഭൃത്യജനസംഘമാണ് 1915-ൽ നായർ സർവീസ് സൊസൈറ്റിയായി രൂപാന്തരം പ്രാപിച്ചത്.

സാമൂഹ്യ-സാംസ്കാരിക-വിദ്യാഭ്യാസ രംഗങ്ങളിലെ നായർ സർവീസ് സൊസൈറ്റിയുടെ ശക്തവും നിരന്തരവുമായ പ്രവർത്തനം ഇപ്പോൾ ഒരു നൂറ്റാണ്ട് പിന്നിട്ടിരിക്കുകയാണ്. മതേതരത്വവും ജനാധിപത്യവും കാത്തുസൂക്ഷിച്ച്, സമുദായപുരോഗതിയിലൂടെ സമൂഹത്തിന്റെയും രാജ്യത്തിന്റെയും നന്മയ്ക്കായി പ്രവർത്തിക്കുക, സാമൂഹ്യനീതിക്കുവേണ്ടി നിലകൊള്ളുക എന്നീ അടിസ്ഥാനമൂല്യങ്ങളിൽനിന്നു വ്യതിചലിക്കാതെ ഈ രംഗത്തുള്ള എൻ.എസ്.എസ്സിന്റെ പ്രവർത്തനം രണ്ടാംനൂറ്റാണ്ടിലും തുടരുകയാണ്. അടിസ്ഥാനമൂല്യങ്ങളിൽ അടിയുറച്ചുനിന്നുകൊണ്ടുള്ള ഈ പ്രവർത്തനമാണ് സംഘടനയുടെ ശക്തി.

സമുദായാചാര്യൻ ശ്രീ മന്നത്തുപത്മനാഭന്റെ ദർശനങ്ങളും ആദർശങ്ങളും ഉൾക്കൊണ്ട്, അടിസ്ഥാനമൂല്യങ്ങൾ കൈവിടാതെ, സംഘടനയെ കൂടുതൽ ശക്തിപ്പെടുത്തി, അനീതിക്കും അവഗണനയ്ക്കുമെതിരെ സമുദായം ഒറ്റക്കെട്ടായി മുന്നേറണം എന്ന സന്ദേശമാണ് ഈ വിജയദശമി ദിനത്തിലും നല്കാനുള്ളത്.